"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - പാലക്കാട് ജില്ലയിലെ അഗളി ഗ്രാമപഞ്ചായത്ത് മുൻ സീനിയർ ക്ലർക്ക് ശ്രീ. വി.ആർ. ഈശ്വർദാസ്-ന് എതിരെയുള്ള അച്ചടക്ക നടപടി - ഔപചാരിക അന്വേഷണത്തിന് പാലക്കാട് ജില്ല തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ ശ്രീ. ഗോപിനാഥൻ കെ. യെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.2358/2025/LSGD തീയതി,തിരുവനന്തപുരം, 27-09-2025

---

പരാമർശം:-

1. വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 15/11/2017 ലെ ഇ12(ക്യൂ.വി.5/17/പാലക്കാട്)29119/17 നമ്പർ കത്ത്.
2. 19/02/2018 തീയതിയിലെ ഇപിബി3/31/2018/തസ്വഭവ നമ്പർ കുറ്റാരോപണ മെമ്മോ.
3. പഞ്ചായത്ത് ഡയറക്ടറുടെ 23.06.2018-ലെ ഡി10-8102/18 നമ്പർ കത്ത്.
4. 17/01/2021 തീയതിയിലെ ഇപിബി3/31/2018/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
5. ശ്രീ. വി.ആർ ഈശ്വരദാസ് 18/06/2021 ൽ സമർപ്പിച്ച മറുപടി.
6. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 21/07/2025 ലെ LSGD/PD/7114/2023-VIGC6 നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ അഗളി ഗ്രാമപഞ്ചായത്തിൽ പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ലാപ്ടോപ് കംപ്യൂട്ടർ വിതരണം ചെയ്തതിലെ ക്രമക്കേട് സംബന്ധിച്ച് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ സത്വരാന്വേഷണം നടത്തി പരാമർശം (1) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ, ലാപ് ടോപ്പുകൾ പഞ്ചായത്തിൽ സൂക്ഷിച്ച് വച്ച് ഒരു വർഷം വരെ ഉപയോഗിച്ചു (2015-16), പഴകിയ ലാപ് ടോപ്പുകൾ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തു, വാറന്റി പീരിയഡ് നഷ്ടപ്പെടുത്തി എന്നീ

ക്രമക്കേടുകൾ ഉണ്ടായിട്ടുള്ളതായും ടി ക്രമക്കേടിന് ഉത്തരവാദികളായ അസിസ്റ്റന്റ് സെക്രട്ടറി ശ്രീ.ജോൺ ജെ, സീനിയർ ക്ലർക്ക് ശ്രീ.വി.ആർ. ഈശ്വർദാസ്, സീനിയർ ക്ലർക്ക് ശ്രീ.പ്രമോദ് പി. എന്നിവർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കുന്നതിനും വിജിലൻസ് ശിപാർശ ചെയ്തിരുന്നു.

2) വിജിലൻസ് ശിപാർശയുടെ അടിസ്ഥാനത്തൽ മേൽ ജീവനക്കാർക്കെതിരെ **KCS (CC&A) Rules 1960**-ലെ ചട്ടം **16** പ്രകാരം ലഘു ശിക്ഷയ്ക്കുള്ള കുറ്റപത്രം പരാമർശം **(2)** പ്രകാരം നൽകി സർക്കാർ തലത്തിൽ അച്ചടക്ക നടപടി ആരംഭിക്കുകയുണ്ടായി. എന്നാൽ ശ്രീ. ഈശ്വർദാസ് **30/04/2018**-ൽ സർവീസിൽ നിന്നും വിരമിച്ചതായും, ടിയാൻ മുൻപ് അച്ചടക്കനടപടികൾ നേരിട്ട ആളാണെന്നും പരാമർശം **(3)** പ്രകാരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് ടിയാനെതിരെ **KSR Part III Rule 3(a)** പ്രകാരം പ്രതിമാസ പെൻഷനിൽ നിന്നും **1000/-** വീതം **5** വർഷത്തേക്ക് കുറവ് ചെയ്യുന്നതിന് താൽക്കാലികമായി തീരുമാനിച്ച് പരാമർശം **(4)** പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകി അച്ചടക്ക നടപടി തുടരുകയും ആയതിന് ടിയാൻ പരാമർശം **(5)** പ്രകാരം മറുപടി നൽകുകയും ചെയ്തിരുന്നു.

3) പ്രസ്തുത മറുപടി പ്രകാരം, **2015-16** വർഷത്തിൽ പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്കായി **21** ലാപ്ടോപ്പുകൾ വാങ്ങിയെന്നും വിതരണത്തിനായി പരിശോധിച്ചപ്പോൾ ഗുണഭോക്തൃ പട്ടികയിലുള്ള രണ്ട് പേർ അഗളി പഞ്ചായത്തിനു വെളിയിൽ താമസിക്കുന്നവരാണെന്ന് കണ്ടത്തിയതിന്റെ അടിസ്ഥാനത്തിൽ ഇവരെ ഒഴിവാക്കിയതിനാലാണ് രണ്ട് ലാപ്ടോപ്പുകൾ ബാക്കി വന്നതെന്നും, അതുപോലെ താൻ ഈ പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ ആയിരുന്നില്ലായെന്നും കേവലം ഒരു ക്ലാർക്ക് മാത്രമായിരുന്നുവെന്നും **2016** ജൂൺ **27** ന് കുലുക്കല്ലൂർ ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലം മാറിപ്പോയതിനാൽ ലാപ്ടോപ്പ് ഒരു വർഷം വരെ പഞ്ചായത്തിൽ വച്ച് ഉപയോഗിച്ചതിന് താൻ ഉത്തരവാദിയല്ലായെന്നും ബോധിപ്പിച്ചിട്ടുണ്ട്.

4) ശ്രീ. വി.ആർ. ഈശ്വർദാസ് സമർപ്പിച്ച മറുപടിയിന്മേൽ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം **(6)** പ്രകാരം ചുവടെ ചേർത്തിട്ടുള്ള വിവരങ്ങൾ ഉൾപ്പെടുത്തി അഭിപ്രായ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി.

*മുൻ സീനിയർ ക്ലാർക്ക് ശ്രീ. ഈശ്വർദാസ് -ന്റെ എതിർവാദപത്രികയിൽ **21** ലാപ് ടോപ് ഗുണഭോക്താക്കളിൽ **19** പേർ അർഹരാണെന്ന് കണ്ട് **19** പേർക്ക് നൽകുകയും, ബാക്കി **2** പേർ അഗളി ഗ്രാമപഞ്ചായത്തിലെ താമസക്കാരല്ലാത്തതിനാൽ നൽകാതെ ഓഫീസിൽ സൂക്ഷിക്കുകയാണ് ഉണ്ടായതെന്ന് ബോധിപ്പിച്ചിട്ടുണ്ട്. ആയതു മൂലമാണ് ലാപ്ടോപ് ഓഫീസിൽ സൂക്ഷിക്കേണ്ടി വന്നതെന്ന ടിയാന്റെ വാദം പരിഗണിക്കാവുന്നതാണ്. എന്നാൽ **2016** ഫെബ്രുവരി മാസം വാങ്ങിയ ലാപ് ടോപ്പുകളിൽ **2** എണ്ണം വിതരണം ചെയ്യാതെ*

*2016 ജൂൺ 27 വരെ സൂക്ഷിച്ചിട്ടുള്ളതും ആയത് യഥാവിധി അടുത്ത സെക്ഷൻ ക്ലർക്കിന് കൈമാറിയിട്ടില്ലാത്തതുമാണ്.*

5) അഗളി ഗ്രാമ പഞ്ചായത്തിലെ സീനിയർ ക്ലർക്കായിരുന്ന ശ്രീ. വി.ആർ. ഈശ്വർദാസ്-നെതിരെയുള്ള കാരണം കാണിക്കൽ നോട്ടീസിലെ കുറ്റാരോപണം നിലനിൽക്കുന്നതായി പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്ന സാഹചര്യത്തിൽ, ടി വിഷയത്തിൽ ചട്ടപ്രകാരമുള്ള ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് പാലക്കാട് ജില്ലാ തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ ശ്രീ. ഗോപിനാഥൻ കെ. യെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു. അന്വേഷണ റിപ്പോർട്ട് 15 ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

1. ശ്രീ. ഗോപിനാഥൻ കെ., ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പാലക്കാട്. *(ബന്ധപ്പെട്ട രേഖകളുടെ പകർപ്പുകൾ സഹിതം).*
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം.
3. ശ്രീ. വി.ആർ. ഈശ്വരദാസ്, മുൻ സീനിയർ ക്ലർക്ക്, അഗളി ഗ്രാമപഞ്ചായത്ത്, പാലക്കാട്. *(തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം മുഖേന).*
4. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/31/2018/തസ്വഭവ നമ്പർ

ഉത്തരവിൻ പ്രകാരം

Signed by
Riju M Das
Date: 27-09-2025 11:39:23
സെക്ഷൻ ഓഫീസർ